

# “അനുഭവതീരങ്ങളിൽ”_ തിരമാലകൾ

ഡോക്ടർ. നന്ദകുമാർ ചാണയിൽ




മൂന്നു ദശകത്തിലധികം ന്യൂയോർക്കിലെ സർഗ്ഗവേദിയിലേയും ഒരു ദശകത്തോളമായി വിചാരവേദിയിലേയും ഒരു നിറസ്സാന്നിദ്ധ്യമാണ് ശ്രീമാൻ. ജോൺ വേറ്റം. വെറുതെ വന്ന് വല്ലതും പറഞ്ഞുപോകലല്ല അദ്ദേഹത്തിൻെറ രീതി. ചർച്ചാവിഷയം സസൂക്ഷ്മം പഠിച്ച്, കാടുകയറാതെ പ്രമേയത്തോട് നീതിപുലർത്തികൊണ്ട് മിക്കവാറുമെഴുതി തയ്യാറാക്കിയുള്ള പ്രസംഗക്കുറിപ്പുമായാണ്് ഇദ്ദേഹം ഈ വേദികളിൽ ഹാജരാവുക. ഇക്കാര്യത്തിൽ സമാനത പുലർത്തുന്നത്കൊണ്ടാവാം ഞങ്ങൾ പരസ്പര ബഹുമാനമുള്ള സുഹ്രുത്തുക്കളായത്.



ഇദ്ദേഹം ഒരു നടനും, നാടകസംവിധായകനും, ഗാനരചയിതാവുമാണെന്നു് “അനുഭവതീരങ്ങളിൽ” എന്ന ക്രുതി വായിക്കാൻ തുടങ്ങിയപ്പോഴാണ് എനിക്ക് മനസ്സിലായത്. ജയകേരളം, മംഗളോദയം എന്നീ പ്രസിദ്ധീകരണങ്ങളിൽ ഇദ്ദേഹത്തിൻെറ ക്രുതികൾ അച്ചടിച്ചു വന്നിട്ടുണ്ട്. അഭിനയത്തിനും ചെറുകഥാ രചനക്കും സമ്മാനങ്ങൾ നേടിയ ഒരു വ്യക്തിയാണ് ശ്രീ. വേറ്റം. കൂടാതെ സാഹിത്യപ്രവർത്തക സഹകരണ സംഘം അംഗവുമാണ്.

‘‘അനുഭവതീരങ്ങളിൽ’’ എന്ന ക്രുതിയിൽ ശ്രീ. വേറ്റം തൻെറ ജീവിതയാത്രക്കിടയിൽ കണ്ടതും കേട്ടതും അനുഭവങ്ങളിലൂടെ ഉൾക്കൊണ്ടതുമായ പല വസ്തുതകളുമാണ് തികഞ്ഞ യാഥാർത്ഥ്യ ബോധത്തോടും ആത്മാർത്ഥതയോടും, നേരും നെറിയോടുംകൂടി ഈ പുസ്തകത്തിൽ ചേർത്തിട്ടുള്ളത് എന്നാണു എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. ആരുടേയും മുഖം നോക്കാതെ, അതേസമയം സ്വന്തം മുഖം കറുപ്പിക്കാതെ, പറയാനുള്ളത് പറയാൻ ശ്രീ. വേറ്റം മടിക്കാറില്ലെന്നത് ഇദ്ദേഹത്തിൻെറ ഒരു സ്വഭാവ സവിശേഷതയാണെന്ന് എടുത്തു പറയേണ്ടിയിരിക്കുന്നു. അങ്ങിനെ അനുഭവങ്ങളുടെ വികാരവരികളായി ”അനുഭവതീരങ്ങളിൽ“ എന്ന ക്രുതി ശോഭിക്കുന്നു.

ഇനി, ഞാൻ അൽപ്പം മൊഴിമാറ്റത്തോടെ, ശ്രീ. വേറ്റത്തിൻെറ ഭാഷ തന്നെ കടമെടുക്കട്ടെ. ആത്മീയസഹോദരങ്ങളെ വിജാതീയരായി കാണുന്ന വിക്രുത സംസ്കാരത്തോടും, കാഴ്ച്ചയുള്ളവരെ അന്ധരാക്കുന്ന വിശ്വാസപ്രമാണങ്ങൾ കാര്യസാദ്ധ്യതക്കുവേണ്ടി മതവും രാഷ്ട്രീയവും സമ്മേളിക്കുന്ന നാടകീയരംഗങ്ങളാക്കി മാറ്റുന്നത് ദർശിക്കുമ്പോഴും, മതേതരമായ മനുഷ്യസ്നേഹം മുരടിക്കുന്നത് കാണുമ്പോഴും ഏകോപനവും സമഭാവനയും തിരസ്കരിക്കപ്പെടുമ്പോഴും,സാമൂഹ്യതലങ്ങളിൽ സന്മാർഗ്ഗരേഖകളും ആത്മീയസൗകുമാര്യവും മങ്ങി മങ്ങി മായുന്നത് കാണുമ്പോഴും കണ്ടതും കേട്ടതും അനുഭവിച്ചതും എന്തെന്നു നിഷ്പക്ഷതയോടെ പുറം ലോകത്തെ അറിയിപ്പിക്കാനുള്ള ഔത്സുക്യം ശ്രീ വേറ്റത്തിനുണ്ടായി. പൊയ്മുഖങ്ങളുടെ മുഖം മൂടി അനാവരണം ചെയ്ത്, സത്യാവസ്ഥ പുറത്തുകൊണ്ടുവരിക എന്ന സദുദ്ദേശത്തോടെ നിഷ്പക്ഷതയിൽ ഉറച്ച് നിന്നുകൊണ്ട് സകലജാതി മതസ്ഥരും ഏകോദരസഹോദരങ്ങളാണെന്ന വിശ്വാസത്തിലൂന്നി മത രാഷ്ട്രീയ സാമൂഹ്യമേഖലകളിൽ സ്നേഹത്തിൻെറ അനുഗ്രഹവും തൂവൽസ്പർശവും പ്രതിഫലിപ്പിക്കപ്പെടണമെന്ന നിശ്ചയദാർഢ്യത്തോടെയാണ് ഈ പുസ്തകരചനയിൽ ശ്രീ. വേറ്റം വ്യാപ്രുതനായതെന്ന് നമുക്ക് ഗ്രന്ഥകാരൻെറ പ്രസ്താവനയിൽ നിന്നും ഗ്രഹിക്കാവുന്നതാണ്.

ആചാരങ്ങളേയും, അനാചാരങ്ങളേയും, സമൂഹത്തിലെ വിഭാഗീയതകളേയും അക്രമാസക്ത പ്രവണതകളേയും ആൾദൈവങ്ങളേയും, സ്വാർത്ഥപരതക്കായി ഏതറ്റം വരേയും കുടിലത കൈക്കൊള്ളാനും കുതന്ത്രങ്ങൾ മെനയാനുമുള്ള

അവരുടെ ചെയ്തികളെപ്പറ്റിയുമെല്ലാം സത്യസന്ധമായി ആഖ്യാനം ചെയ്യാൻ ഗ്രന്ഥകാരൻ ശ്രദ്ധിച്ചിട്ടുള്ളതായി ഈ പുസ്തകം വായിക്കുന്നവർക്ക് മനസ്സിലാക്കാൻ സാധിക്കും. ആത്മീയ പരിശുദ്ധി പകർന്ന് സംശുദ്ധമാക്കേണ്ട ഭൗതികതലങ്ങളിൽ കറയും കളങ്കവും വ്യാപകമായി വ്യവഹരിക്കുന്നത് കാണുമ്പോൾ ഗ്രന്ഥകാരൻെറ മനം മൗനനൊമ്പരം കൊണ്ട് വിതുമ്പുകയും ആത്മരോഷം കൊണ്ട് തുളുമ്പുന്നതായും വായനക്കാർക്ക് അനുഭവപ്പെടും. മുഖാമുഖം കാണുന്നതുപോൽ ഉള്ള വിവരണങ്ങൾ പുസ്തകത്തിലുടനീളം കാണാം. യുക്തിഭദ്രമായ വിശകലനത്തിലൂടെ നിഷ്പക്ഷമായി വസ്തുതകളുടെ അടിസ്ഥാനത്തിൽ വെളിപ്പെടുത്താനുള്ള ശ്രീ വേറ്റത്തിൻെറ ത്വര പ്രശംസനാർഹം തന്നെ.

അനുഭവവേദ്യമായ ഈ പുസ്തകത്തിൻെറ ഉള്ളടക്കം വായനക്കാരൻെറ അഭിരുചിക്കനുസ്രുതമായി മിശ്രണപ്രതികരണങ്ങളുണ്ടാക്കാം. ഒരു പള്ളിക്കാര്യം ഇത്ര ആനക്കാര്യമാക്കേണ്ടതുണ്ടൊ എന്നു ചോദിക്കുന്നവരോട് ആവിഷ്കാരസ്വാതന്ത്ര്യവും പ്രമേയസ്വാതന്ത്ര്യവും പരിപൂർണ്ണമായും വ്യക്തിഗതമായതിനാൽ, ആ ചോദ്യത്തിനു പ്രസക്തി ഇല്ലെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. ഈ പുസ്തകത്തിൽ ഗ്രന്ഥകാരൻ ഉപയോഗിച്ചിരിക്കുന്ന ഭാഷയുടെ ലാളിത്യവും ചാരുതയും ഈ ക്രുതിയുടെ സാഹിത്യപരമായ മേന്മ വെളിവാക്കുന്നു. ഈ ക്രുതിയിൽ ധാരാളം പൊതുവിജ്ഞാനം അടങ്ങിയിരിക്കുന്നത് കൂടാതെ, ഭൂമിശാസ്ത്രം, ചരിത്രം, ആത്മകഥാംശം, അടുക്കും ചിട്ടയോടും സംയമനത്തോടും കൂടിയുള്ള ഡയറിക്കുറിപ്പുകൾ ഉൾക്കൊള്ളുന്ന ഓർമ്മക്കുറിപ്പുകളുടെ സമാഹാരം ഇത്യാദി കൂടി ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇത് ഒരു സത്യാന്വേഷണവിവരണം കൂടിയാണു, ഓർമ്മകുറിപ്പുകൂടിയാണു. നിഷ്പക്ഷവും നിർഭയവുമായ വാസ്തവങ്ങൾ വെളിച്ചത്ത് കൊണ്ടുവരാനുള്ള ഉദ്യമം ശ്ലാഘനീയം തന്നെ.

വിചാരവേദി ശ്രീ വേറ്റത്തിൻെറ ”അനുഭവതീരങ്ങളിൽ“ എന്ന ക്രുതിയെ മതം, രാഷ്ട്രീയം, അധികാരം എന്നീ വീക്ഷണകോണുകളിലൂടെ ചർച്ചവിഷയമാക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഗ്രന്ഥകർത്താവിനു ഈ കാഴ്ച്ച്പ്പാടിലൂടെയുള്ള ചർച്ച ഒരു മ്ലാനത ഉളവാക്കിയുട്ടുണ്ടാവില്ലേ എന്നു ഞാൻ സംശയിക്കുന്നു. പക്ഷെ ഞാനീ ക്രുതിയുടെ സാഹിത്യമേന്മ നോക്കികാണാനാണ് ഇഷ്ടപ്പെടുന്നത്. കാരണം ഈ പുസ്തകം കേവലം

മതത്തെക്കുറിച്ചല്ല പ്രതിപാദിക്കുന്നത്. പ്രത്യുത, ഒരു പറ്റം വിശ്വാസികളുടെ ആചാരപ്രമാണത്തിനും ഒരേ വിശ്വാസത്തിൽ അടിയുറച്ച് വിശ്വസിക്കുന്നവർക്ക് ഒത്തുകൂടാനും ആരാധിക്കാനും വിശ്വാസദൈർഢ്യം പ്രബലമാക്കാനുമുള്ള ഉദ്യമങ്ങൾക്ക് മതത്തിൻെറ പരിവേഷം ചാർത്തുമ്പോഴാണ് ഇത് മതപരമാകുന്നത്. അതേപോലെ തന്നെ സാധാരണക്കാർ വിവക്ഷിക്കുന്ന രാഷ്ട്രീയത്തിൻെറ ചേരുവയൊന്നും ഇതിലുള്ളതായി തോന്നിയില്ല. എന്നാൽ വിശ്വാസികളുടെ ഇടയിലെ യോജിപ്പും, ഐകമത്യം ഇല്ലായ്മയും ഉൾപ്പോരുകളും, പടലപ്പിണക്കങ്ങളും വേണ്ടുവോളമുണ്ട് താനും. അതുപോലെ തന്നെ ഇവിടെ അധികാരത്തിൻെറ കാര്യത്തിലും ഒരു സന്ദേഹമുണ്ട്. കാരണം ഇതിലെ കഥാപാത്രങ്ങളായ അച്ചൻ, ബിഷപ്പ്, ഭദ്രാസന മെത്രൊപ്പോലീത്ത എന്നിവർക്കെല്ലാം അവരുടേതായ സ്ഥാനവും പദവിയും സഭയുടെ ഭരണനിയമാവലിയിൽ ഉണ്ട്. നാം ഈ പുസ്തകത്തിൽ കാണുന്നത് അന്തഃച്ഛിദ്രങ്ങളും, സ്ഥാനമോഹവും, അതിനുള്ള വടംവലികളും, ക്രുത്യവിലോപങ്ങളും, ധർമ്മച്യുതിയുമാണ്. അതെല്ലാം പുസ്തകരചയിതാവ് കാര്യകാരണ സഹിതം ക്രുത്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ അനാവരണം ചെയ്തിട്ടുണ്ടെന്ന് പുസ്തകവായനയിൽ നിന്നും വ്യക്തമാവുന്നതാണ്.

വാസ്തവത്തിൽ, അധികാരത്തേക്കാൾ പദവിക്കും സ്ഥാനമാനങ്ങൾക്കും വേണ്ടി തലപ്പത്തിരിക്കുന്ന ആൾദൈവങ്ങളുടെ വ്യാമോഹങ്ങളും തങ്ങളിൽ അർപ്പിതമായ കാർത്തവ്യങ്ങൾ വേണ്ട വിധത്തിൽ പരിപാലിക്കാതിരിക്കുന്നതായുമാണ് നാം വായിച്ചറിയുന്നത്. ഒരു പുരോഹിതൻ അദ്ദേഹത്തിൽ അഭിഷിപ്തമായ കർത്തവ്യനിർവ്വഹണം നിഷേധിക്കുമ്പോൾ വിശ്വാസികളിൽ അതൊരു നാഥനില്ലാക്കളിക്ക് കളമൊരുക്കുന്ന സാഹചര്യങ്ങൾ സ്രുഷ്ടിക്കുന്നു. ഇങ്ങനെയുള്ള ആൾദൈവങ്ങളെക്കൊണ്ട് എന്തു പ്രയോജനം? ദൈവാലയത്തിനു തന്നെ ഇത്തരക്കാരെ താങ്ങുന്നത് ശ്രമകരവും ഭാരവുമായിരിക്കാം! ഇത്തരുണത്തിൽ ഇത്തരക്കാരില്ലാതെ തന്നെ ആരാധകർക്ക് തങ്ങളുുടെ ആരാധനാച്ചടങ്ങുകൾ നടത്തേണ്ടതായും വന്നേക്കാം. പട്ടക്കാരനെ ദൈവീകസിദ്ധികളുള്ള പ്രതിപുരുഷനായാണ് വിശ്വാസികൾ കരുതുന്നത്. അങ്ങനെയുള്ള പുരോഹിതൻ ദൈവീക സംഹിതകൾ സ്വയം ഉൾക്കൊള്ളാതെ, സാധാരണക്കാരിലും തരം താഴ്ന്നു  പ്രവർത്തിക്കുമ്പോൾ എന്തിനീ പട്ടക്കാരൻ

എന്നു വിശ്വാസികൾ ചോദിച്ച് പോകാം! വേലി തന്നെ വിളവു തിന്നുന്നതിനു തുല്യമല്ലേ ഇത്തരം ചെയ്തികൾ?

ഈ പ്രവാസഭൂവിൽ എല്ലാ മതക്കാരും തങ്ങളുടേതായ ആരാധനാലയങ്ങൾ പടുത്തുയർത്താൻ ഭഗീരഥ പ്രയത്നങ്ങൾ നടത്തിയിട്ടുണ്ട്; നടത്തിക്കൊണ്ടേ ഇരിക്കുന്നു. ആരാധനാ സ്വാതന്ത്ര്യമടക്കമുള്ള എല്ലാ മൗലിക സ്വാതന്ത്ര്യങ്ങളും അനുവദിച്ച്തരുന്ന അമേരിക്കൻ ഐക്യനാടുകളുടെ ഭരണഘടനക്ക് നന്ദി. ശ്രീ വേറ്റത്തിൻെറ "അനുഭവതീരങ്ങളിൽ" എന്ന പുസ്തകം ന്യൂയോർക്കിലെ സ്റ്റാറ്റൻ ഐലൻറിൽ ഒരു ക്രുസ്തീയ ദൈവാലയം നിർമ്മിച്ച് നിലനിർത്താൻ വേണ്ടി സഹിക്കേണ്ടി വന്ന ത്യാഗങ്ങളുടെ, യജ്ഞ-യത്നങ്ങളുടെ. അവഹേളനങ്ങളുടെ, ഫലപ്രാപ്തിയുടെ അനുഭവവേദ്യമായ അനുബോധമാണ്. ഇതിൽ കൊടുത്തിരിക്കുന്ന ചിത്രങ്ങളും, ആണ്ട്, മാസം, തിയ്യതി സഹിതമുള്ള വിവരങ്ങളും, ഭാവി തലമുറക്ക് ഒരു വിഷയാനുസന്ധാനമായ പ്രമാണ ഗ്രന്ഥമാകുമെന്നതിൽ യാതൊരു സംശയവുമില്ല.

സാഹിതീകൂട്ടായ്മയിലെ എൻെറ ഈ ഉറ്റമിത്രത്തിനു ദീർഘായുസ്സും ആയുരാരോഗ്യസൗഖ്യങ്ങളും നേരുന്നതോടൊപ്പം ഇനിയും നല്ല നല്ല ക്രുതികൾ ഈ സാഹിത്യപ്രതിഭയിൽ നിന്നും ഉണ്ടാകട്ടെ എന്നാശംസിച്ച്കൊണ്ട് നിർത്തട്ടെ. നന്ദി , നമസ്കാരം.

*************************